പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6717 01.11.2011- ലെ മറുപടി

കെ.എസ്.ആർ.ടി.സി. കോച്ച് ബിൽഡർ തസ്തിക

ചോദ്യം ഉത്തരം

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ കോച്ച് ബിൽഡർ തസ്തികയിലേയ്ക്ക് പി.എസ്.സി. അഡ്വൈസ് ലഭിച്ചിട്ടും 2005 മുതൽ നാളിതുവരെ നിയമനം നൽകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 192 പേർക്ക് അഡ്വൈസ് നൽകിയിട്ട് 110 പേർക്ക് മാത്രം നിയമനം നൽകുകയും ബാക്കി 82 പേർക്ക് നിയമനം ലഭിക്കാതിരിക്കുകയും ചെയ്യുന്നതിൽ ഉള്ള അപാകം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത ലിസ്റ്റിൽ ഇനിയും നിയമനം ലഭിക്കുവാനുള്ളവർക്ക് കൂടി അവരുടെ പ്രായം പരിഗണിച്ച് നിയമനം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ? | (സി) | കെ.എസ്.ആർ.ടി.സി. ആധുനികവൽക്കരണത്തിന്റെ ഭാഗമായി തടികൊണ്ടുള്ള ബസ് ബോഡികൾക്ക് പകരം ഇപ്പോൾ ലോഹം കൊണ്ടുള്ള ബസ് ബോഡികളാണ് നിർമ്മിക്കുന്നത്. തടി ഉപയോഗിച്ചുള്ള ജോലി ചെയ്യുന്ന കോച്ച് ബിൽഡർമാരുടെ (മരപ്പണി) ആവശ്യം ഇത്തരം ബോഡി നിർമ്മാണത്തിൽ വരുന്നില്ല. ഇപ്പോൾ ജോലിയിലുള്ള കോച്ച് ബിൽഡർമാരെ തന്നെ മരം കൊണ്ടുള്ള ബോഡിയിലുള്ള പഴയ ബസ്സുകളുടെ അറ്റകുറ്റപണികൾക്കും അവരെകൊണ്ട് ചെയ്യിക്കാൻപറ്റുന്ന മറ്റ് പണികൾക്കുമാണ് ഉപയോഗിക്കുന്നത്. |

| | | | |
|---|---|---|---|
| | | | ലിസ്റ്റിലുള്ളവരുടെ പ്രായവും, മറ്റും പരിഗണിച്ച് എല്ലാപേരെയും നിയമിക്കുന്നതുവരെ ലിസ്റ്റിന്റെ കാലാവധി നീട്ടിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ നിന്നും ഇനിയും 82 പേർക്ക് പി.എസ്.സി. അഡ്വൈസ് നൽകിയെങ്കിലും ടി കാരണങ്ങളാൽ കെ.എസ്.ആർ.ടി.സി.യിൽ നിയമിക്കാൻ പറ്റാത്ത അവസ്ഥയിലാണ്. എന്നാലും ലിസ്റ്റിലുള്ളവരുടെ പ്രായവും മറ്റും പരിഗണിച്ച് അവരെ എങ്ങനെ കെ.എസ്.ആർ.ടി.സി.യിൽ നിയമിക്കാം എന്നതിനായി മാനേജ്മെന്റും, യൂണിയൻ തലത്തിലുമായി ചർച്ച നടന്നുവരികയാണ്. ഉടൻതന്നെ ഇതിന് ഒരു തീരുമാനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ